# Athmaraksha.org

നമ്മൾ ദൈവത്തിനു തിരിച്ചു നൽകേണ്ടത്?

## വൃദ്ധരെ അവഗണിക്കുന്നത് മാരകപാപം : മാർപാപ്പ



വത്തിക്കാൻ സിറ്റി: പ്രായമായവരെ ഭാരമായി കാണുന്നത് അധഃപതിച്ചതും രോഗാതുരവുമായ സംസ്കാരമാണെന്ന് ഫ്രാൻസിസ് മാർപാപ്പ. പൊതുദർശനവേളയിൽ നടത്തിയ പ്രസംഗത്തിലാണ് വയോധികരെ അവഗണിക്കുന്ന സംസ്കാരത്തെ ഫ്രാൻസിസ് മാർപാപ്പ വിമർശിച്ചത്.

"വയോജനങ്ങളെ അവഗണിക്കുന്നത് മാരകപാപമാണ്... അവർ അന്യഗ്രഹത്തിൽ നിന്ന് വന്നവരല്ല. നമ്മൾ തന്നെയാണ് അവർ - കുറച്ചു കാലം കഴിയുമ്പോൾ തീർച്ചയായും നമ്മൾ അവരുടെ അവസ്ഥയിലാകും. അതിനെക്കുറിച്ച് ചിന്തിക്കേണ്ട എന്ന് വിചാരിച്ചാൽ പോലും... പ്രായമായവരെ അവഗണിക്കുന്ന സമൂഹം മരണത്തിന്റെ വൈറസാണ് വഹിക്കുന്നത്. മുതിർന്നവരോട് എപ്രകാരം പെരുമാറുന്നുവോ അപ്രകാരമുള്ള പെരുമാറ്റമാദ്യം നമുക്കും ലഭിക്കുക." സെന്റ് പീറ്റേഴ്സ് ചത്വരത്തിലെത്തിയ വിശ്വാസികളെ മാർപാപ്പ ഓർമ്മിപ്പിച്ചു.

ബ്യൂണസ് ഐറിസിന്റെ ആർച്ച് ബിഷപ്പായിരുന്ന കാലത്ത് വയോധികർക്കായുള്ള ഒരു കേന്ദ്രം സന്ദർശിച്ച അനുഭവം മാർപാപ്പ പങ്കുവച്ചു."ഒരു അന്തേവാസിയോട് അവരുടെ മക്കളെക്കുറിച്ച് ചോദിച്ചപ്പോൾ വ്യക്തമല്ലാത്ത ഉത്തരമാണ് പറഞ്ഞത്. അവർ ഇടയ്ക്കൊക്കെ വരാറുണ്ടെന്ന് ആ സ്ത്രീ പറഞ്ഞു. അവസാനമായി എപ്പോഴാണ് വന്നതെന്ന് ഞാൻ ചോദിച്ചു. കഴിഞ്ഞ ക്രിസ്മസിന്-സ്ത്രീ ഉത്തരം പറഞ്ഞു. അത് ആഗസ്റ്റ് മാസമായിരുന്നു. എട്ട് മാസമായി മക്കൾ കാണാനേ വന്നിട്ടില്ല. അത് മാരകപാപമാണ്;" മാർപാപ്പ തുടർന്നു.

"വലിച്ചെറിയലിന്റെയും ഉപേക്ഷിക്കലിന്റെയും സംസ്കാരത്തിൽ പ്രായമായവർ ഉപകാരമില്ലാത്തവരായും ഭാരമായും ഗണിക്കപ്പെടുന്നു. പുറമെ കാണുന്ന വിധത്തിലല്ലെങ്കിലും അവർ അവഗണിക്കപ്പെടുന്നു. അവഗണനയുടെയും നിസ്സഹായതയുടെയും ഭീതികരമായ ജീവിതമാണ് പല വയോധികരും നയിക്കുന്നത്. വയോധികരോട് അടുപ്പമില്ലാത്ത സമൂഹം അധഃപതിച്ച സമൂഹമാണ്. ഉപയോഗപ്രദവും ലാഭകരവുമല്ലാത്ത എല്ലാത്തിനെയും അവഗണിക്കുന്ന പാശ്ചാത്യയുവത്വത്തിന്റെ സംസ്കാരത്തിൽ ഇത് വളരെ പ്രകടമാണ്." മാർപാപ്പ വ്യക്തമാക്കി.

എന്നാൽ ബൈബിൾ, വൃദ്ധരായവരെ ജ്ഞാനത്തിന്റെ ഭണ്ഡാരമായാണ് കാണുന്നത്. സഭയുടെ പാരമ്പര്യത്തിലും വയോജനങ്ങൾക്ക് പ്രത്യേകപരിഗണന കൊടുത്തിരുന്നു. വൃദ്ധരായവർ ബഹുമാനിക്കപ്പെടാത്ത സ്ഥലങ്ങളിൽ യുവജനങ്ങൾക്ക് ഭാവി ഉണ്ടായിരിക്കുകയില്ലെന്ന് മാർപാപ്പ മുന്നറിയിപ്പ് നൽകി. തലമുറകൾതമ്മിൽ കൂടുതൽ ഐക്യം പുലർത്താനും മാർപാപ്പ ആഹ്വാനം ചെയ്തു.

## വൃദ്ധരുടെ ജീവൻ മൂല്യമുള്ളത്

വൃദ്ധരുടെ പരിചരണവും പാലിയേറ്റീവ് ചികിത്സയും എന്ന വിഷയത്തിൽ റോമിൽ നടന്ന ജീവനുവേണ്ടിയുള്ള പൊന്തിഫിക്കൽ അക്കാദമിയുടെ പൊതുസമ്മേളനത്തിലും വയോജനങ്ങളെ ആദരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഫ്രാൻസിസ് മാർപാപ്പ സംസാരിച്ചു.

മനുഷ്യരെ മനുഷ്യത്വപരമായ രീതിയിൽ സംരക്ഷിക്കുന്നതിന്റെ യഥാർത്ഥ പ്രാകാശനമാണ് പാലിയേറ്റീവ് ചികിത്സ. പ്രായമായാലും രോഗബാധിതനായാലും മനുഷ്യവ്യക്തി മൂല്യമുള്ളയാളാണെന്ന് അത് സാക്ഷ്യം നൽകുന്നു. ജീവന്റെ അവസാനകാലഘട്ടത്തിലെ മൂല്യം പാലിയേറ്റീവ് ചികിത്സയിലൂടെ വെളിവാകുന്നു. മാർപാപ്പ വ്യക്തമാക്കി.

സാമൂഹികമോ ശാരീരികമോ ആയ അവസ്ഥമൂലം മരിക്കാൻ നിർബന്ധിതരാകുന്ന വ്യക്തികൾക്ക് നൽകപ്പെടേണ്ട ബഹുമാനത്തെയാണ് ഇന്നത്തെ പശ്ചാത്തലത്തിൽ 'ബഹുമാനം' എന്ന് വിളിക്കുന്നത്. വാർദ്ധക്യത്തിലെത്തിയവരെ ബഹുമാനിക്കാനുള്ള ബാധ്യത എല്ലാ ചികിത്സാസമ്പ്രദായങ്ങൾക്കുമുണ്ട്. രോഗനിർണയമാർഗങ്ങളും ക്രിയാത്മകതയും സാമ്പത്തികനേട്ടവും മാത്രമാവരുത് ഡോക്ടറിന്റെ പ്രവർത്തനങ്ങളെ നിശ്ചയിക്കുന്നത്. മരുന്നുപയോഗിച്ച് ലാഭമുണ്ടാക്കുന്നതിനെക്കുറിച്ച് ഒരു രാജ്യവും ആലോചിക്കാൻ പാടില്ല. അതേ സമയംതന്നെ മനുഷ്യവ്യക്തിയെ സംരക്ഷിക്കുക എന്നതിലുപരിയായ പ്രധാനപ്പെട്ട ദൗത്യവും സ്റ്റേറ്റിനില്ല. പാപ്പാ പറഞ്ഞു.

പ്രായമായവർക്ക് പലപ്പോഴും ആരോഗ്യരംഗത്തുള്ളവരുടെ പരിഗണന ലഭിക്കുന്നില്ല. അവർ അവഗണിക്കപ്പെടുന്നു. അവഗണനയാണ് പ്രായമായവർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അവർ നേരിടുന്ന ഏറ്റവും വലിയ ക്ലേശവും അത് തന്നെ. നമ്മെ വളരാൻ സഹായിച്ചവർ നമ്മുടെ സ്നേഹവും പരിചരണവും ആർദ്രതയും ഏറ്റവും ആവശ്യമുള്ള സമയത്ത് അവഗണിക്കപ്പെടാൻ പാടില്ല. പാലിയേറ്റീവ് ശുശ്രൂഷയിലൂടെ മനുഷ്യന്റെ മൂല്യം അംഗീകരിക്കപ്പെടുന്നു. ജീവനെ ശുശ്രൂഷിക്കുന്നതിലുള്ള മികവും രോഗികളായവരുടെ അന്തസുമാണ് മെഡിസിന്റെയും മാനവസമൂഹത്തിന്റെയും പുരോഗതിയുടെ യഥാർത്ഥമാനദന്ഢം. പാപ്പാ വ്യക്തമാക്കി.